# ചികിത്സാ രംഗത്തെ അനീതികൾ

# ചികിത്സാനീതി പ്രാവർത്തികമാക്കൽ

## ചികിത്സാനീതി

രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും ആരോഗ്യകരമായ ഡോക്ടർ രോഗി ബന്ധം വളർത്തി കൊണ്ടുവരാനും ലക്ഷ്യം വയ്ക്കുന്ന ചാരിറ്റബിൾ സംഘടന

റജി. നമ്പർ : TSR/TC/183/2016
പുരുഷോത്തം ബിൽഡിംഗ്, ചെമ്പോട്ടിൽ ലെയിൻ,
തൃശ്ശൂർ 680001.
✆ : 8281038692 , 8281038693
chikithsaneethi@gmail.com

# രോഗികളുടെ അവകാശങ്ങൾ

**1. ശ്രദ്ധ (Care)**

■ രോഗികൾക്ക് അവരുടെ പ്രാഥമികമോ ബന്ധപ്പെട്ടതോ ആയ രോഗങ്ങൾക്കും സാമൂഹിക - സാമ്പത്തിക നിലയ്ക്കും, പ്രായത്തിനും, ലിംഗത്തിനും, ലൈംഗിക ആഭിമുഖ്യത്തിനും, മതത്തിനും, ജാതിയ്ക്കും, സാംസ്കാരിക ഇഷ്ടാനിഷ്ടങ്ങൾക്കും ഭാഷാശീലത്തിനും, ഭൂമിശാസ്ത്രപരമായ ഉറവിടങ്ങൾക്കും, രാഷ്ട്രീയബന്ധങ്ങൾക്കും അതീതമായി ചികിത്സ കിട്ടുവാനുള്ള അവകാശമുണ്ട്.

■ തനിക്കുള്ള മുഴുവൻ പ്രശ്നങ്ങളും തൃപ്തിയാകും വിധം വിവരിക്കാനും ഡോക്ടറുടെ ഇടപെടലില്ലാതെ കേൾക്കാനും അവകാശമുണ്ട്.

**2. സ്വകാര്യതയും അന്തസ്സും (Confidentiality & Dignity)**

■ വ്യക്തിപരമായ അന്തസ്സോടെയും അപമാനമോ വിവേചനമോ ഇല്ലാതെയും ചികിത്സ ലഭിയ്ക്കുവാനുള്ള അവകാശം.

■ പരിശോധനാ സമയത്തും ചികിത്സാ സമയത്തും സ്വകാര്യത ഉണ്ടായിരിക്കേണ്ടതാണ്.

**3. വിവരങ്ങളുടെ ലഭ്യത**

■ രോഗിക്ക് നൽകേണ്ടതായ വിവരങ്ങൾ രോഗിക്ക് മനസ്സിലാക്കാൻ എളുപ്പമായ ഭാഷയിൽ ലഭിച്ചിരിക്കേണ്ടതാണ്.

■ രോഗിക്കും കുടുംബാംഗങ്ങൾക്കും രോഗത്തെക്കുറിച്ചും മരുന്നുകളെക്കുറിച്ചും ചികിത്സാമുറകളെകുറിച്ചും പൂർണ്ണമായ വിവരങ്ങൾ ലഭിക്കാൻ അവകാശമുണ്ട്.

■ രോഗിക്കും ബന്ധുക്കൾക്കും വിവരങ്ങൾ മനസ്സിലാക്കി തിരുമാനമെടുക്കുന്നതിനും അനുമതി നൽകുന്നതിനും ഉള്ള രേഖനം ചെയ്ത നടപടിക്രമങ്ങൾ ഉണ്ടായിരിക്കണം.

**4. അഭിരുചി പരിഗണന (Preferences)**

■ രോഗിക്ക് തന്റെ രോഗാവസ്ഥയെക്കുറിച്ച് മറ്റ് വിദഗ്ദ്ധാഭിപ്രായങ്ങൾ തേടാനുള്ള അവകാശമുണ്ട്.

■ വ്യത്യസ്തമായ ചികിത്സാമുറകളുടെ ലഭ്യതകളെക്കുറിച്ച് അറിയാനുള്ള അവകാശമുണ്ട്.

**5. സങ്കടനിവൃത്തിക്കുള്ള അവകാശം**

■ ആരോഗ്യരക്ഷാസ്ഥാപനത്തിലെ പരാതി പരിഹാരത്തിന് പ്രതിബദ്ധമായവർക്ക് പരാതി നൽകാനും ന്യായമായ സമയപരിധിക്കകത്ത് നീതി ലഭിക്കുവാനുമുള്ള അവകാശം ഉണ്ട്.

*(നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹെൽത്ത് കെയർ ഓർഗനൈസേഷന്റെ (NABH) 'രോഗികളുടെ ചാർട്ടി'ൽ നിന്ന് അവലംബിച്ചത്.)*

●



# ചികിത്സാ രംഗത്തെ അനീതികൾ

ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിൽ താരതമ്യേന മെച്ചപ്പെട്ട അന്തരീക്ഷം നിലനിർത്തിയിരുന്ന കേരളത്തിലെ ആരോഗ്യരംഗം ഇന്ന് അമിതമായ കച്ചവടവൽക്കരണത്തിന്റെ പാതയിലാണ്. സാങ്കേതികവിദ്യയുടെ അമിതമായ ഉപയോഗം, ഉല്പാദനചിലവിനേക്കാൾ എത്രയോ മടങ്ങ് വിലയേറ്റിവിൽക്കുന്ന മരുന്നുകൾ, മനുഷ്യശരീരത്തിന് ഹാനീകരമായ അനവധി മരുന്നുകൾ, സാധാരണക്കാരെ കടക്കെണിയിലേക്ക് തള്ളിവിടുന്ന ആശുപത്രി ചിലവുകൾ, എന്നിങ്ങനെ രോഗികളെ വലയ്ക്കുന്ന പ്രവണതകൾ യാതൊരു നിയന്ത്രണവുമില്ലാതെ വ്യാപകമായികൊണ്ടിരിക്കുന്നു. കേരളം അതിവേഗം രോഗാതുരമായ ഒരു സമൂഹമായി മാറികൊണ്ടിരിക്കുന്നു. ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണമെങ്കിൽ വലിയൊരു ജനകീയാരോഗ്യപ്രസ്ഥാനം ഉണ്ടാകണം.

( *'ചികിത്സാനീതി'യുടെ ധാരണാപത്രത്തിൽ നിന്ന്* )

●



# ചികിത്സാ രംഗത്തെ അനീതികൾ

ആസ്ത്മയ്ക്കുള്ള ഇൻഹേലറിന് അമേരിക്കയിൽ 125 ഡോളർ വിലയിടുമ്പോൾ കാസട്രോയുടെ നാട്ടിലത് അഞ്ച് പെസോയ്ക്ക് കിട്ടും.

ഒരു കാർഡിയാക്സ്റ്റെന്റ് നിർമിക്കാൻ പത്തുഡോളർ വേണ്ടി വരില്ല. 2000 ഡോളറിനാണത് വിൽക്കുന്നത്. 500 ഡോളർ ഡോക്ടർമാർക്ക് കൊടുക്കും. 1490 ഡോളർ കമ്പനിക്കുള്ളതാണ്. ആശുപത്രിച്ചെലവ് വേറെയും വരും.

കഫക്കെട്ട് നീണ്ടു നിന്നാൽ ക്ഷയം, പനി നാലുദിവസം പിന്നിട്ടാൽ ഡെങ്കി, ശരീരത്തിലെവിടെയെങ്കിലും ചെറിയ തടിപ്പുകണ്ടാൽ കാൻസർ. ഇങ്ങനെയാണ് രോഗനിർണയം പുരോഗമിക്കുന്നത്.

നോക്കൂ, മുഴ ഗർഭപാത്രത്തിൽ മാത്രമല്ല, എല്ലാ അവയവങ്ങളിലും വരും. ജീവൻ നിലനിർത്താൻ, ആരോഗ്യം സംരക്ഷിക്കാൻ ശരീരം നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമാണത്. ശരീരത്തിൽ ഓരോ നിമിഷവും നടക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് അത് അപ്രത്യക്ഷമാകും. ഈയിടെ ആഞ്ജലീന ജോളിയുടെ സ്തനം മുറിച്ചുമാറ്റി. അവരുടെ ആന്റിക്ക് അർബുദമുണ്ടായിരുന്നുവെന്നും, പാരമ്പര്യമായി വരാൻ സാധ്യതയുള്ളതിനാൽ സുരക്ഷിതമായി ശസ്ത്രക്രിയ നടത്താമെന്നും ഡോക്ടർ പറഞ്ഞുവത്രെ. തുടർന്ന് യൂട്രസ് എടുത്തു. അവയവങ്ങൾ എടുക്കുന്നതോടെ ശരീരത്തിന്റെ സ്വാഭാവിക രോഗപ്രതിരോധത്തിന്റെ താളം തെറ്റും. ഓരോ രോഗത്തിനും പുതിയ പേരിടാമെന്നല്ലാതെ ആരോഗ്യാവസ്ഥയിലേക്ക് പിന്നീട് രോഗിക്ക് എളുപ്പം തിരിച്ചുപോകാനാവില്ല. സമൂഹത്തിൽ അറിയപ്പെടുന്നവർക്ക് ശസ്ത്രക്രിയ ചെയ്താൽ ഡോക്ടർക്കും ആശുപത്രിയ്ക്കും കൂടുതൽ പണവും അംഗീകാരങ്ങളും കിട്ടും.

എനിക്ക് മരുന്നു ലോബികളുടെ വഞ്ചനയും തട്ടിപ്പുകളും അറിയാമായിരുന്നെങ്കിലും അത് അങ്ങേയറ്റം അധഃപ്പതിച്ചതായി ഈയിടെയാണ് ബോധ്യമായത്. കുട്ടികളെ ബാധിക്കുന്നുണ്ടെന്നു പറയുന്ന (Attention Deficit Hyperactivity Disorder- ADHD) ശിശുരോഗവിദഗ്ധർ കുട്ടികളിൽ രോഗനിർണയം നടത്തി അപകടകാ

രികളായ രാസവിഷങ്ങൾ ഉപയോഗിച്ച് ചികിൽസിച്ചു വരികയാണ്. ADHD യുടെ പിതാവായറിയപ്പെടുന്ന എൺപത്തേഴുകാരനായ പ്രമുഖ മനോരോഗവിദഗ്ധൻ ഡോ. ലിയോൺ ഐസൻബർഗ് ജർമൻ മാസികയിൽ ഈ രോഗം മരുന്നു കമ്പനികൾക്കുവേണ്ടി സൃഷ്ടിച്ചതാണെന്ന് വെളിപ്പെടുത്തി. അദ്ദേഹം മരിക്കുന്നതിന് തൊട്ടുമുമ്പാണ് ഈ സത്യം തുറന്നുപറഞ്ഞത്.

തലച്ചോറിൽ ഏത് രാസവസ്തുക്കളുടെ അസന്തുലിതാവസ്ഥ കൊണ്ടാണ് അതുപോലുള്ള മാനസികരോഗങ്ങളുണ്ടാകുന്നതെന്നതിന് എന്തെങ്കിലും തെളിവുകളോ പരിശോധനാരീതികളോ നിലവിലില്ല. എല്ലാ മനോരോഗമരുന്നുകളും അനാവശ്യവും ആത്മഹത്യാപ്രവണതയും നരഹത്യാപ്രവണതയും ഉണ്ടാക്കുന്നതുമായിരിക്കും. 1968-ൽ ഐസൻബർഗിന്റെ പുതിയ രോഗത്തിന്റെ കണ്ടുപിടിത്തം ദശലക്ഷണക്കിന് കുട്ടികളെ രാസമരുന്നുകളുടെ അടിമകളാക്കി മാറ്റി. നഴ്സറി മുതൽ ഹൈസ്കൂളിൽ വരെ പഠിക്കുന്ന കുട്ടികൾക്ക് 'റിറ്റാലിൻ' എന്ന മരുന്ന് നല്കുകയായിരുന്നു.

ഈ മരുന്ന് ബ്രൂക്ക് ഹാവൻ നാഷണൽ ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഔഷധനിർമാണ ശാസ്ത്രമനുസരിച്ച് തന്നെ മയക്കുമരുന്നിനോട് സാദൃശ്യമുള്ളതാണെന്ന് കണ്ടെത്തി. ഇങ്ങനെ മരുന്നു കമ്പനികൾക്കുവേണ്ടി ഇല്ലാത്ത രോഗങ്ങൾ കണ്ടുപിടിക്കുകയും മാരക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന മയക്കുമരുന്നുകൾ വരെ നല്കി കോടികൾ ലാഭം കൊയ്യുകയും ചെയ്യുന്ന സംവിധാനമായി ആധുനിക വൈദ്യശാസ്ത്രം മാറിക്കഴിഞ്ഞു.

കാൻസറുണ്ടാക്കുന്ന ഇരുനൂറ്റിയമ്പതിലധികം രാസവസ്തുക്കൾ നിങ്ങളുടെ ആഹാരത്തിന്റെ തന്നെയുണ്ടെന്നോർക്കണം. ഇത് ഒഴിവാക്കാതെയാണ് രാസവസ്തുക്കളുടെ വ്യത്യസ്ത ചേരുവകളുപയോഗിച്ച് ഗവേഷകരെ വിലയ്ക്കെടുത്ത് മരുന്നുണ്ടാക്കി വിൽക്കുന്നത്. നിങ്ങൾ മുഖത്ത് പൂശുന്ന പൗഡറും ശരീരത്തിൽ പുരട്ടുന്ന സുഗന്ധദ്രവ്യവും അനുവദനീയമായ അർബുദകാരികളാണ്. ഇതൊക്കെ ഒന്നൊഴിവാക്കിയിട്ടു പോരെ കാൻസർ ചികിത്സക്കുള്ള സൗജന്യ പദ്ധതികൾ പ്രഖ്യാപിക്കുന്നത്.

പണം ഉദ്പാദിപ്പിക്കാത്ത ചികിത്സാരീതി ആർക്കാണു വേണ്ടത്? പണമുണ്ടാക്കുന്ന ഏത് ചികിത്സയും പ്രോത്സാഹിപ്പിക്കാൻ ആളുകൾ മുന്നോട്ടു വരും. ഹൃദയാഘാതത്തിന് പരിഹാരം കാണാവുന്ന ഒരു ഇലക്ട്രോ മാഗ്നറ്റിക് ഉപകരണം ഞങ്ങൾ കണ്ടുപിടിച്ചു. അത് കമേഴ്സ്യലൈസ് ചെയ്യാൻ ഞങ്ങളുടെ ടീം ആഗ്രഹിക്കുന്നില്ല. അതിന്റെ ടെക്നോളജി കൈമാറിയാൽ ദശലക്ഷക്കണക്കിന് ഡോളറുകൾ തരാമെന്നും പറഞ്ഞ് കമ്പനികൾ ക്യൂ നിൽക്കുന്നുണ്ട്. ആശയം അവർക്ക് കൊടുത്താൽ അവരത് കോടികൾക്ക് വിൽക്കും. അപ്പോൾ പാവപ്പെട്ടവർക്ക് ഈ ചികിത്സ അപ്രാപ്യമാകും. എങ്ങനെ ഇവരുടെ ദൂഷിതവലയിത്തിൽ നിന്ന് പുറത്തു കടക്കാമെന്ന് ഞങ്ങൾ കൂട്ടായി ചിന്തിക്കുകയാണ്. പേറ്റന്റിനു വേണ്ടി സർക്കാറിന് അപേക്ഷ കൊടുത്തിട്ട് അഞ്ചു വർഷമായി. കൈക്കൂലി കൊടുത്താൽ നാളെ പേറ്റന്റ് കിട്ടും. ഇതേ പേറ്റന്റ്

ആവശ്യവുമായി കമ്പനികളുടെ ഏജന്റുമാർ നേരിട്ട് പോയി അപേക്ഷ കൊടുത്താൽ ലൈസൻസ് കൈയിൽ വെച്ചു കൊടുക്കുന്ന സംവിധാനമാണ് നിലവിലുള്ളത്.

വിഷാദരോഗം മുതലുള്ള എല്ലാ മാനസിക രോഗങ്ങളും ഇന്ന് രാസമരുന്നുകൾ ഉപയോഗിച്ചാണ് ചികിത്സിക്കുന്നത്. ഈ ചികിത്സക്ക് യാതൊരു ശാസ്ത്രീയതയുമില്ല. രാസവസ്തുക്കൾ തലച്ചോറിനെയാണ് സ്വാധീനിക്കുന്നത്. മനസ്സുമായി അതിന് ബന്ധമൊന്നുമില്ല. സ്കീസോഫ്രീനിയ, മാനിയ തുടങ്ങിയ രോഗങ്ങളുള്ള വ്യക്തി അക്രമാസക്തനായി മാറുന്ന സന്ദർഭത്തിൽ താത്കാലികമായി രോഗിയെ നിയന്ത്രിക്കാൻ ഇത്തരം മരുന്ന് കുറഞ്ഞ ഡോസിൽ കൊടുക്കാമെന്നല്ലാതെ, സ്ഥിരമായി ഈ മരുന്ന് കുറിച്ച് കൊടുക്കുന്നത് രോഗിയുടെ അകാല മരണത്തിലേക്ക് നയിക്കും.

ആശുപത്രിയിൽ പോയാൽ ചോദിക്കുന്നത് കയ്യിൽ എത്ര പൈസയുണ്ട്, സർക്കാർ ജോലിയുണ്ടോ, ഇൻഷുറൻസ് ഉണ്ടോ, ബാങ്കിലാണോ ജോലി എന്നൊക്കെയാണ്. നിങ്ങളുടെ വരുമാനമനുസരിച്ച് അവരുടെ എന്തെല്ലാം ഉപകരണങ്ങളുണ്ടോ അതെല്ലാം പരിശോധനാ സമയത്ത് ഉപയോഗിക്കും. മരുന്നു കമ്പനികൾ അവരുടെ ലാഭത്തിനായി പുതിയ മരുന്നുകൾ കണ്ടുപിടിക്കുന്നത് പരീക്ഷിച്ചുനോക്കണമല്ലോ? ആശുപത്രിയിൽനിന്ന് ഓടിരക്ഷപ്പെടുന്ന രോഗികൾക്ക് പുറകെ ഡോക്ടർമാരും നേഴ്സുമാരും പായുന്ന ചിത്രം ടൈംമാഗസിൻ മുഖചിത്രമായി കൊടുത്തതിനെ ഞാൻ ഒരു പ്രഭാഷണത്തിൽ പരമാർശിച്ചിരുന്നു.

മരുന്നുകമ്പനികളുടെ അതിനികൃഷ്ടമായ വഞ്ചനകൾക്ക് ഭരണകൂടംപോലും കൂട്ടുനിൽക്കുമ്പോൾ, മനുഷ്യന്റെ ഭാവി പ്രതിസന്ധിയിലാവുന്നു.

മരുന്നുകമ്പനികളുടെ വരുമാനം കുറയ്ക്കുന്ന കണ്ടെത്തലുകൾ മൂടിവെയ്ക്കപ്പെടുകയും വിപണിയ്ക്കു വേണ്ടി തിരഞ്ഞെടുക്കപ്പെട്ട കണ്ടുപിടുത്തങ്ങൾ മാത്രം പ്രശസ്ത ജേണലുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മെഡിക്കൽ ജേണലുകളിലും വെബ്സൈറ്റുകലിലും ലഭ്യമായ 70 ശതമാനം ഗവേഷണപ്രബന്ധങ്ങളും ലേഖനങ്ങളും മരുന്നുകമ്പനികൾക്കു വേണ്ടിയുള്ള

പരസ്യങ്ങൾ മാത്രമാണ്.

*(2016 ജൂലൈ 3-9, 10-18 മാതൃഭൂമി ആഴ്ചപതിപ്പിൽ*

*ഡോ. ബി. എം. ഹെഗ്ഡയുമായുള്ള അഭിമുഖത്തിൽ നിന്നുള്ള ഭാഗങ്ങൾ)*

●

# ഇന്ത്യയിലെ മെഡിക്കൽ രംഗത്തെ ഇരുണ്ട മേഖലകൾ

## സുമിത് മജുംദാർ

ജനകീയ മാധ്യമങ്ങളിലും ഒപ്പം തന്നെ അക്കാദമിക പ്രസിദ്ധീകരണങ്ങളിലും അടുത്തിടെ വന്ന ഒരു പറ്റം ലേഖനങ്ങൾ രാജ്യത്തെ വൈദ്യശാസ്ത്ര പ്രയോഗത്തിൽ ചുരുങ്ങി വരുന്ന ധാർമ്മിക നിലവാരത്തെ കുറിച്ചുള്ള ചർച്ചയെ ഒന്നുകൂടി സജീവമാക്കിയിട്ടുണ്ട്. (ബെർഗെ 2014, ചൗധുരി ആന്റ് നുണ്ടി 2014, സെൻഗുപ്ത ആന്റ് നുണ്ടി 2005) അവയിലെ ഭൂരിപക്ഷം വാദങ്ങളും അവകാശവാദങ്ങളും രാജ്യത്തെ പ്രൊഫഷണൽ മെഡിക്കൽ പ്രാക്ടീഷണർമാരുടെ പ്രൊഫഷണൽ എത്തിക്സിനേയും (തൊഴിൽപരമായ ധാർമ്മികത) ആത്മാർത്ഥതയെയും ചോദ്യം ചെയ്യുന്നു. ഉയർന്ന ഫീസ്നിരക്കുകൾ, അപ്രസക്തവും അമിതവുമായ രോഗനിർണ്ണയ സംവിധാനങ്ങൾ, അയുക്തികമായ മരുന്നു നൽകലുകൾ എന്നിവയുടെയെല്ലാം ഒരു ചേരുവയിലൂടെ രോഗികളെ ചൂഷണം ചെയ്യുന്നതിനെ സംബന്ധിച്ച റിപ്പോർട്ടുകൾ രാജ്യത്തെ ഏറ്റവും അഴിമതി നിറഞ്ഞ മേഖലകളിലൊന്നായി ആരോഗ്യരക്ഷാമേഖല മാറിയിരിക്കുന്നുവെന്ന തരത്തിലുള്ള ചർച്ചകളുയർത്തി വിട്ടിട്ടുണ്ട് മഹാഭൂരിപക്ഷ കേസുകളിലും സർക്കാർ മേഖലയും സ്വകാര്യ മേഖലയും ഒരേപോലെ കുറ്റവാളികളാണെന്നും സ്വകാര്യമേഖല കൂടുതൽ പച്ചയായി ലാഭാർത്തി നിറഞ്ഞ രൂപ മാതൃകകൾ പ്രദർശിപ്പിക്കുന്നുവെന്നും മുകളിൽ സൂചിപ്പിച്ച പഠനങ്ങൾ വാദിക്കുന്നു. ആദർശവാദപരമായ ധാരണകളിൽ നിന്നും പ്രതീക്ഷകളിൽ നിന്നുമുള്ള വൈദ്യശാസ്ത്രമേഖലയുടെ ഈ അകന്നുപോക്ക് എങ്ങനെയാണ് നിയന്ത്രണങ്ങളുടെയും ചട്ടങ്ങളുടേയും ധാർമ്മികത, സാമ്പത്തികം, രാഷ്ട്രീയം എന്നിവയുടെ ഒരു പരസ്പര പ്രതിപ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു

ആദ്യം തന്നെ നമുക്ക് മെഡിക്കൽ പ്രാക്ടീസിന്റെ ആദർശപരമായ മാനദണ്ഡങ്ങളുടെ വിവിധ വശങ്ങളെ പരിഗണനക്കെടുക്കാം. രോഗസൗഖ്യം നൽകലിന്റെ കലയും ശാസ്ത്രവും വളരെ നീണ്ടൊരു കലയായി പരിഗണിക്കപ്പെട്ടുപോരുന്നത് മനുഷ്യസമുദായത്തിനു നല്കുന്ന ഏറ്റവും വലിയ സേവനമായാണ്. അത് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഒരു "മഹത്തായ തൊഴിലിൽ" ഏർപ്പെട്ടിരിക്കുന്നവർ എന്ന ബഹുമാന്യത നല്കി. ആ തൊഴിൽത്തുറയിലെ സ്ഥാപിതമായ ധാർമ്മികമാനദണ്ഡങ്ങളിലൂടെ ശക്തിപ്പെടുത്തപ്പെട്ട് ആ ബഹുമാന്യത വലിയ പ്രതീക്ഷകളായി പരിഭാഷ ചെയ്യപ്പെടുന്നു. ഒരു വൈദ്യന് രോഗിയോടുള്ള ധാർമ്മികത കട

പ്പാടുകൾ പ്രഖ്യാപിക്കുന്ന ഹിപ്പോക്രാറ്റസിന്റെ പ്രതിജ്ഞയിൽ ഈ ധാർമ്മികമാനദണ്ഡങ്ങൾ പര്യാപ്തമായ രീതിയിൽ ചുരുക്കി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. അത്തരത്തിലുള്ള പ്രൊഫഷനിലൂടെ പ്രചോദിപ്പിക്കപ്പെടുന്ന ധാർമ്മിക പ്രതിബദ്ധതകളും, ഒപ്പം തന്നെ പൊതുവായ സമൂഹത്തിന്റെ ജനകീയ പ്രതീക്ഷകളും ചേർന്നാണ് മെഡിക്കൽ പ്രാക്ടീസിന്റെ മാനദണ്ഡങ്ങളെ രൂപപ്പെടുത്തുന്നത്. അതിനെ അടിസ്ഥാനമാക്കിയാണ് വഴിതെറ്റിപ്പോകലുകൾ എത്രയെന്ന കണക്കെടുപ്പുകൾ നടക്കുന്നത്. പക്ഷേ അത്തരം മാനദണ്ഡപരമായ വിധി നിർണ്ണയങ്ങൾ എല്ലാ തൊഴിൽത്തുറകൾക്കും സാധാരണമാണ്. അത് വിവിധ ഡിഗ്രികളിലും തോതുകളിലുമായിരിക്കും. സാമൂഹ്യോന്മുഖമായ തൊഴിൽത്തുറകളെ സംബന്ധിച്ച്, ഉദാഹരണത്തിന് അദ്ധ്യാപനമേഖല, അതിന്റെ ഡിഗ്രി ഉയർന്നതായിരിക്കും. വർദ്ധിച്ചുവരുന്ന സാങ്കേതിക വിദ്യകളും മികവേറിയ പുതിയ രീതികളും പ്രതീക്ഷകളെയും മാനദണ്ഡനിലവാരത്തേയും ഉയർത്തിയിട്ടുണ്ടാകാൻ സാധ്യതയുണ്ട്. അവക്കെതിരെ നിർത്തി പരിശോധിച്ചാണ് വ്യക്തിപരമായ ഇടപെടലുകളെയും തൊഴിൽത്തുറയുടെ മൊത്തം പ്രകടനത്തെയും വിലയിരു ത്തുന്നത്.

മെഡിക്കൽ പ്രാക്ടീസിന്റെയും ആധുനിക വൈദ്യശാസ്ത്രത്തിന്റെയും സമീപകകാല ചരിത്രം ശ്രദ്ധേയമാകുന്നത് വൈദ്യശാസ്ത്ര തൊഴിൽത്തുറയുടെയും ആ തൊഴിൽത്തുറയിൽ നിന്നുയർന്നു വരുന്ന പ്രതീക്ഷകളുടെയും ആദർശപരമായ മാനദണ്ഡങ്ങളെ സംബന്ധിച്ച തത്വങ്ങളുടെ അടിസ്ഥാനത്തെത്തന്നെ പിടിച്ചുലച്ച രണ്ടു പ്രധാന പ്രതിഭാസങ്ങളാലാണ്. ആദ്യത്തേത് മരുന്നു കണ്ടുപിടിത്തം മുതൽ രോഗനിർണ്ണയം വരെയുള്ള വിശാലമേഖലയിൽ പൊടുന്നനെ കടന്നുവന്ന പുത്തൻ സാങ്കേതിക വിദ്യകളുമായി (ആധുനിക, പശ്ചാത്യ, വൈദ്യത്തിന്റെ പ്രയോക്താക്കളിലത് സഹായകസാങ്കേതിക വിദ്യകളിന്മേലുള്ള കൂടുതൽ വലിയ ആശ്രിതത്വം സൃഷ്ടിച്ചിട്ടുണ്ട്) ബന്ധപ്പെട്ടതാണ്. ദുഃഖകരമെന്നു പറയട്ടെ, അത് കടന്നുവന്നത് രോഗിയുടെ ചരിത്രത്തിന്മേലടിസ്ഥാനപ്പെടുത്തി വൈദ്യശാസ്ത്ര അഭിപ്രായം രൂപപ്പെടുത്തുന്നതിലെ നീണ്ട കാലമായി നിലനില്ക്കുന്ന പാരമ്പര്യങ്ങളുടെയും വൈദഗ്ദ്യത്തിന്റെയും ചെലവിലാണ്.

ഒരു പ്രസിദ്ധ കാർഡിയോളജിസ്റ്റായ ബെർണാർഡ് ലോൺ ആഭിപ്രായപ്പെട്ടത് (2007) രോഗ നിർണ്ണയ പരിശോധനകളിലും മെഷീനുകളിൽ നിന്നു കിട്ടുന്ന റിസൾട്ടുകളിലുമുള്ള അമിതാശ്രിതത്വം രോഗികളെ വെറും "കേസുകളും" ഫിസിഷ്യന്മാരെ വെറും ടെക്നോക്രാറ്റുകളുമായി രൂപാന്തരപ്പെടുത്തിയെന്നാണ്. ഞാനീ ലേഖനത്തിൽ പിന്നീട് വാദിക്കാൻ പോകുന്നത് സാങ്കേതിക വിദ്യകളുടെ നിഷേധാത്മക സ്വാധീനം ആരോഗ്യ ചികിത്സാമേഖലയിലെ സാമ്പത്തിക സ്വഭാവത്തെ വക്രീകരിച്ചുവെന്നാണ്. ഫിസിഷ്യനും രോഗിയും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ചയിൽത്തന്നെ രോഗിയോട് ഒരു പറ്റം പരിശോധനകൾക്ക് വിധേയനാകാൻ നിർദ്ദേശിക്കുമ്പോൾത്തന്നെ ആരോഗ്യ ചികിത്സാദായകനെക്കുറിച്ചുള്ള സംശയത്തിന്റെ ആദ്യത്തെ വിത്തുകൾ പാകപ്പെടുന്നുവെന്ന് യുക്തിസഹമായിത്തന്നെ പരിഗണിക്കാൻ കഴിഞ്ഞേക്കാം. ഈ ടെസ്റ്റുകളുടെ

റിസൾട്ടുകളെ ആശ്രയിച്ചാണ് മിക്കപ്പോഴും മെഡിക്കൽ ഒപ്പീനിയൻ (വൈദ്യശാസ്ത്രപരമായ അഭിപ്രായം) ഉണ്ടാകുക.

രണ്ടാമത്തെ ഘടകം ആഗോള സാമ്പത്തിക ക്രമത്തിന്റെ സംഭാവനയാണ്. അതിന്റെ പ്രത്യാഘാതം ഒരു പക്ഷെ കൂടുതൽ ദൂരവ്യാപകമാണ്. മറ്റേതു സാധാരണ ഉപഭോഗച്ചരക്കുകളുടെയും കാര്യത്തിലെന്നപോലെ സാധാരണ പരമ്പരാഗത ചന്തകളിൽ സ്വതന്ത്രമായി കച്ചവടം നടത്താവുന്നതായി ആരോഗ്യ ചികിത്സാമേഖലയെ സ്വാധീനിക്കുന്നതിന് സ്വതന്ത്രവിപണി വാദക്കാർക്കും നവ ലിബറൽ സിദ്ധാന്തങ്ങൾക്കും സാധ്യമായിട്ടുണ്ട്. പെല്ലെഗ്രിനോ (1999) യെപ്പോലെ വൈദ്യവും തത്വചിന്തയും തമ്മിലുള്ള പരസ്പര പ്രവർത്തനങ്ങളെ സൂക്ഷ്മമായി വീക്ഷിക്കുന്നവർ നിരീക്ഷിച്ചതു പോലെ, ആരോഗ്യ ചികിത്സയുടെ "കമ്പോള വൽക്കരണ"ത്തിനടിയിൽ നിലനില്ക്കുന്ന നിഗമനങ്ങൾ രണ്ടു തരത്തിൽ ആഴത്തിൽ തെറ്റുള്ളവയാണ്. ധാർമ്മികതയുടേയും സാമൂഹ്യമായ കീഴ്‌വഴക്കങ്ങളുടേയും തലത്തിലും, അതിനേക്കാളുമേറെ ഗൗരവമായി സാമ്പത്തിക സിദ്ധാന്തത്തിന്റെ തന്നെ തലത്തിലും. ചരക്കുവൽക്കരണത്തിന്റെ അനന്തരഫലങ്ങൾ ധാർമ്മികമായി സ്ഥായിയായി നിലനിൽക്കാൻ കഴിയാത്തവയായി സമൂഹത്തിനും ഫിസിഷ്യൻമാർക്കും രോഗികൾക്കും ഹാനീകരവുമാണെന്ന്" കണക്കാക്കപ്പെടുന്നു. അതാകെ വിജയിക്കുന്നത് ഒരു ഫിസിഷ്യന്റെ റോളിനെ ഒരു ചികിത്സകനെന്ന നിലയിൽ നിന്ന് ഒരു പണമുണ്ടാക്കൽ കാരൻ എന്ന നിലയിലേക്ക് കൃത്രിമമായി വേർതിരിക്കുന്നതിൽ മാത്രമാണ്.

ഒട്ടേറെ നിരീക്ഷകർ അഭിപ്രായപ്പെട്ടത് വളരെ വലിയ വിഭാഗം മെഡിക്കൽ പ്രാക്ടീഷ്ണർമാർ ഈ മാറ്റങ്ങളോട് പ്രതികരിച്ചത് വൈദ്യശാസ്ത്ര വിശ്വാസ പ്രമാണങ്ങൾക്ക് കടകവിരുദ്ധമായാണെന്നാണ്. സർവ്വവ്യാപിയായ സാങ്കേതിക വിദ്യ, ആർത്തിപിടിച്ച ആരോഗ്യ ചികിത്സ മേഖലയിലെ വിപണിയുടെ ലാഭചോദനകൾ, അപചയപ്പെടുന്ന തത്വങ്ങൾ എന്നിവയുടെ മിശ്രിതം ഒരു പറ്റം ധനാർത്തി നിറഞ്ഞ പ്രൊഫഷണലുകളെ സൃഷ്ടിച്ചിരിക്കുന്നു. മർച്ചന്റ് ഒഫ് വെനീസിൽ അന്റോണിയോയിൽ നിന്ന് തന്റെ പങ്കായ ഒരു റാത്തൽ മാംസം എങ്ങനെയും മുറിച്ചെടുക്കാൻ വെമ്പൽകൊള്ളുന്ന ക്രൂരനായ ഷൈലോക്കിനെ പോലെ മെഡിക്കൽ രംഗത്ത് ഉയർന്നുവരുന്ന ഈ മഫിയാ സംഘം തങ്ങളുടെ പണപ്പെട്ടി നിറക്കുന്നതിൽ യാതൊരു മനശ്ചാഞ്ചല്യവും കാട്ടാതിരിക്കുകയും അങ്ങനെ തങ്ങളുടെ മൊത്തം പ്രൊഫഷന്റേയും സകല മഹനീയതകളേയും ഇല്ലാതാക്കുന്നതിലേക്ക് എത്തിച്ചേരുകയും ചെയ്തിരിക്കുന്നു...

പരിഭാഷ: **പി.ജെ. ബേബി**

( ഫ്ലെയിം *മെഡിക്കൽ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ച* ***ഇക്കണോമിക് & പൊളിറ്റക്കൽ വീക്കിലി*** *ലേഖനത്തിൽ നിന്ന് നിന്ന്* )

●

# ചികിത്സാനീതി
# പ്രാവർത്തികമാക്കൽ





# ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ റജിസ്റ്റർ ചെയ്യുമ്പോൾ ഡോക്ടർമാർ ചെയ്യുന്ന പ്രതിജ്ഞ

1. ഞാൻ മനുഷ്യകുലത്തിന്റെ സേവനത്തിനായി എന്റെ ജീവിതം സമർപ്പിക്കുന്നതാണ് എന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.
2. എന്ത് ഭീഷണിയുണ്ടായാലും എന്റെ വൈദ്യശാസ്ത്ര സംബന്ധമായ അറിവിനെമാനുഷിക മൂല്യങ്ങൾക്കെതിരായി ഉപയോഗിക്കുന്നതല്ല.
3. ഞാൻ മനുഷ്യജീവനോട്, ഗർഭധാരണസമയം മുതൽ അത്യന്തം ബഹുമാനം പുലർത്തുന്നതാണ്.
4. ഞാൻ എന്റെ തൊഴിലിനും രോഗിയ്ക്കും ഇടയിൽ മതം, പൗരത്വം, വംശം, കക്ഷിരാഷ്ട്രീയം സാമൂഹിക അവസ്ഥ തുടങ്ങിയ പരിഗണനകൾ ഒന്നും കടന്നുവരാൻ അനുവ ദിയ്ക്കുകയില്ല.
5. ഞാൻ എന്റെ തൊഴിൽ മനസ്സാക്ഷിക്കനുസൃതമായും അന്തസ്സോടുകൂടിയും നിർവ്വഹിക്കുന്നതാണ്.
6. എന്റെ പ്രഥമ പരിഗണന രോഗിയുടെ ആരോഗ്യം മാത്രമായിരിക്കും.
7. എനിക്ക് ലഭിച്ച രഹസ്യ വിവരങ്ങൾ ഞാൻ സൂക്ഷിക്കുന്നതാണ്.
8. ഞാൻ എന്റെ അദ്ധ്യാപകരോട് ബഹുമാനവും നന്ദിയും ഉള്ളവനായിരിക്കും.
9. വൈദ്യമുക്തിയുടെ മഹത്തായ പാരമ്പര്യവും അന്തസ്സും പരിരക്ഷിക്കുന്നതിന് എന്റെ എല്ലാ ശക്തിയും ഉപയോഗിക്കുന്നതാണ്.
10. ഞാൻ എന്റെ സഹപ്രവർത്തകരോട് ബഹുമാനത്തോടും മാന്യതയോടും കൂടി പെരുമാറുന്നതാണ്.
11. ഞാൻ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ 2002 ലെ തൊഴിൽപരമായ പെരുമാറ്റരീതി, മര്യാദ, ധാർമ്മികത തുടങ്ങിയവയെ സംബന്ധിച്ച നിയമങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്നതാണ്.

*ഡോക്ടർമാരുടെ തൊഴിൽ സംബന്ധമായ പെരുമാറ്റരീതി, മര്യാദ, ധാർമ്മികത എന്നിവ സംബന്ധിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നോട്ടിഫിക്കേഷൻ*
*No. MCI-211/(2)/2001 Registration*

( കേരളീയം മാസിക -പരിഭാഷ: അഞ്ജലി )

●

# LEGAL REMEDIES FOR MEDICAL NEGLIGENCE

Dr. Bindumol. V.C
Asst. Prof.& Director, Medical Law Centre,
Govt. Law College, Eranakulam

## INTRODUCTION

Medicine being noble profession of saving human life medical men occupies a special status in society. Commitment, compassion, empathy, competence and integrity are the core values of the medical profession. Medical Profession stands apart in this respect that the academic proficiency that a medical man acquires is tested in his fellow human beings, to nurture them back to health, to help them lead a normal useful life. So an area of glory surrounds the medical man. But here too the legal arm of the watchdog of society has to exert its might to protect the individual from the non-ethical and unscrupulous person who exploits his professional skills to aggrandize his personal self importance.

The personal bond based on mutual faith that raised in the past between the doctor and the patient, has been gradually replaced by a sort of contractual mindset where patient is a consumer and the doctor a provider of service. The patients too look upon doctors not with reverence but with apprehension. Hence law too has to reflect this social change and protect the interest of both.

Earlier medical profession was considered to be beyond the control of law for the reason that they were service oriented and strictly maintained the professional etiquette. In State of Punjab v. Shiv Ram,[1] it was held that in recent times the self-regulatory standards in the profession have shown a decline and this can be attributed to the overwhelming impact of commercialization of the sector. There are reports against doctors of exploitative medical practices, misuse of diagnostic procedures, brokering deals for sale of human organs etc. It

cannot be denied that black sheep have entered the profession and that the profession has been unable to isolate them effectively. The need for external regulation to supplement professional regulation is constantly growing. The high costs and investments involved in the delivery of medical care have made it an entrepreneurial activity wherein the professionals look to reaping maximum returns on such investment. Medical practice has always had a place of honour in society; currently the balance between service and business is shifting towards business and this calls for improved and effective regulation, whether internal or external. There is need for introspection by doctors-individually and collectively. They must rise to the occasion and enforce discipline and high standards in the profession by assuming an active role.

The influence exerted by a doctor is unique. The relationship between the doctor and the patient is not equally balanced. The attitude of a patient is poised between trust in the learning of another and the general distress of one who is in a state of uncertainty and such ambivalence naturally leads to a sense of inferiority and it is, therefore, the function of medical ethics to ensure that the superiority of the doctor is not abused in any manner[2]

There is no doubt that the doctor-patient relationship is a pious relationship and a doctor certainly performs a divine act, at times, in the same manner as a judge does. However, in this increasingly materialistic and consumerist society, patients have been largely reduced to the position of mere consumers and most of the doctors have brought themselves down to the position of mere service providers. Undoubtedly the number of medical negligence cases against doctors, hospitals and nursing homes in the consumer forum are increasing day by day. The Supreme court of India while discussing medical negligence in a recent judgment observed that doctors, hospitals, nursing homes and other connected establishments are to be dealt with strictly if they are found to be negligent with the patients which come to them pawning al their money with the hope to live a better life with dignity. The patients irrespective of their social, cultural and economic back ground are entitled to be treated with diginity which not only forms their fundamental right but also their human right[3] Balram Prasad v. Kunal Saha (2014)1SCC 384.

Confidentiality of information gained while treating a patient has to be strictly maintained by doctor. It is a professional obligation. When there is a conflict between state's need to protect Public health and the patient's right of



confidentiality Indian Law recognizes the state's interest as is evident from Mr. X v. Hospital Z.[4]

Patients are in a position to make a personal choice about their lives including health care. The duties of the doctor would include a duty to tell patients all relevant and available information about risks, benefits and alternatives of treatment. Consent being the cornerstone of the medical treatment, it must be obtained after giving adequate information to the extent of patient's capability to understand and in the language he understands. Law must recognize and protect the right to know of the patient.

In medical negligence cases medical record is an important evidence on which rests the outcome of the case. Right to Information Act, 2005 gives patients a right to access their records within the Government Hospital. In practice, patients are frequently given their X-rays and pathology reports to keep. But it requires a doctor's interpretation in order to make sense to the patient. It is the professional obligation of doctors to give patients access to medical records.

A victim of Medical negligence has the following remedies

| | Who conducts it | How is it started | Purpose | Criteria used | Outcome |
|---|---|---|---|---|---|
| Criminal Negligence | Criminal Court | Prosecution | Punishment | Gross Negligence | Imprisonment |
| Negligence | Civil Court | By the presentation of plaint | Compensation | Bolam Test | Compensation |
| Professional bodies Medical Council of India, Indian Medical Association | Disciplinary Committee | By complaints | To assess fitness to practice | Professional conduct regulations | Suspension, erasure from register. |
| Deficiency in Service | Consumer fora | By complaints | Compensation | Bolam Test | Compensation |
| Employer's disciplinary | Director of Health Service | By complaints | To protect patients | Departmental rules | Removal |

ചികിത്സാനീതി

Constitutional obligation to provide emergency medical care is laid down in Paramanda Katara v. Union of India.[5]

In A.S. Mittal v. State of U.P [6]. Compensation on humanitarian grounds was granted by the Supreme Court who had lost their vision at an eye camp for cataract operation.

**Seeking remedy under the law of tort**.

In an action for negligence against a doctor, as in any other action for negligence, the plaintiff has to prove 1) that the defendant was under a duty to take a reasonable care towards the plaintiff to avoid the damage complained of or not to cause damage to the plaintiff by failure to use reasonable care; 2) that there was a breach of duty on the part of the defendant and 3) that the breach of duty was the legal cause of damage complained of and such damages was reasonably forseeable.[7]

Indian courts follow Bolam test with regard to Medical Negligence. A doctor is said to be not negligent if he is acting in accordance with the practice accepted as proper by a reasonable body of medical men skilled in that particular art.[8]

The civil liability of Medical Profession is determined by Bolam test. Under it the standard of care expected of a doctor is one that is accepted as proper by responsible body of medical men skilled in the particular art. Expert evidence is an essential requirement as we still rely on Bolam. It focuses not on the patient's interest but on the views of the medical profession. Furthermore court is excluded from that determination. Doctors may adopt unreasonable practice to protect their interest. Whether the doctor's interest conform to the standard of reasonable care demanded by law is for the court to decide.

The difficulties faced by litigants in ordinary civil cases are applicable here also. Large amount of court fee, delay in disposal of cases, dismissal due to technicalities, difficulty to prove negligence cases due to lack of expert evidence deters an ordinary litigant from taking this path. When the proof of negligence is not within the reach of the patient, the rule "res ipsa loquitur" may be invoked The doctrine is an exception to the general rule that the person who asserts negligence must prove the same. In application of "res ipsa loquitur" the patient has only to prove the circumstances in which the event occurred. It is the doctor who knows about the treatment he

use, who shall justify the treatment he gave and if he cannot absolve himself to the satisfaction of the court, he will then be liable for negligence.

Heirarchy of civil Justice delivery system

Supreme Court

High court

District Court

Court of Subordinate Judge

Munsiff's Court

Here the purposes is compensation and deterrence.

Limitation :- Action for damages based on negligence will be governed by Article 113 of the Limitation Act. Action is to be initiated within 3 year from the date when the right to sue accrues. The right to sue accrues only when a cause of action arises. As per Article 81- legal representatives may institute any suit for damage within one year from the date of the person. **Medical Service under Consumer Protection Act:-** The machinery provided by the Consumer Protection Act. 1986 can definitely be interpreted as an additional forum where aggrieved persons can agitate their grievance against medical professional and be ensured of a simple, inexpensive and quick redressal of their complaints. Section 2(1) (o) of the Act defines Service. It is pertinent to observe that medical service would not find a place in the list of services enumerated in the definition. The decision of the Supreme Court in V.P. Shanta finally settled the matter.

Heirarchy of the Consumer Forum

Supreme Court

National Commission

State Commission

District Forum

Shall have jurisdiction to entertain complaints were the value of goods or services and the compensation if any claimed does not exceed 20 lakhs and State Commission Shall have jurisdiction to entertain complaints were the value of goods or services and the compensation if any claimed does not exceed 1 crore. For a claim exceeding 1 crore National Commission shall have jurisdiction.

Indian Medical Association v. V.P. Shanta[9], it was held that medical practitioners, hospitals and nursing homes are also covered under the Consumer Protection Act, 1986. It was held that consultation, diagnosis and treatment rendered by the medical practitioners or at hospitals, nursing homes, health centers, dispensaries were part of the definition of "Service" under the Act except where the same is rendered free of charge or where the medical officer is employed for rendering services to the employer. Hence, all medical service suffering from deficiency and negligence is covered under the provisions of the Consumer Protection Act.

Sec. 24A of the Act deal with limitation – 2 years from the date on which the cause of action has arises .

In Nizam Institute of Medical Sciences v. Prasanth S.Dhanaka[10], the complainant who was an engineering student and suffering from recurring fever. The X-ray examination revealed tumor in left hemi thorax with erosion of ribs and vertebra. Even then without having MRI or Mylography done, cardiothoracic surgeon exercised the tumor and found vertebral body eroded. Operation resulted in acute paraplegia of the complainant. MRI or Myelography at the pre-operation stage would have shown necessity of a neurosurgeon at the time of operation and the paraplegia perhaps avoided. Consent was no taken for removal of tumor but only for excision biopsy. The hospital and the surgeon were held liable for negligence. When the matter reached the Supreme Court, the complainant who was then 40 years, was gainfully employed as an IT Engineer. The nature of his work required him to travel to different locations but as he was confined to a wheelchair, he was unable to do so on his own and needed a driver-cum-attendant. The total amount of compensation allowed was Rs. 1,00,00,000/- with interest at 6% till the date of payment giving due credit for any compensation already paid.

## Liability of Medical Professionals under Criminal Law:-

In a criminal case, the state, through a prosecutor, initiates the lawsuit. A civil wrong is against an individual whereas criminal wrongs are against the public at large. The criminal liability for medical negligence is an extremely controversial issue. In criminal law, mens rea, a Latin term which means guilty mind, is one of the necessary elements of crime. The Latin phrase actus non facit reum

nisi menns sit rea, means that 'the act does not make a person guilty unless the mind is also guilty. For criminal prosecution, there must be actus reus accompanied by some level of means rea. In the Dr. Jacob Mathew case,[11] late Jiwan lal Sharma was admitted as a patient in a private ward of CMC Hospital, Ludhiana, when he was at a terminal stage of cancer. He had breathing difficulty and the duty nurse called doctors to attend to him. After about 20 to 25 minutes, Dr. Jacob Mathew and Dr. Allen Joseph came to attend to the patient and an oxygen cylinder was connected to the patient's mouth, but the cylinder was empty. There was no other gas cylinder and the patient ultimately died.

Supreme Court issued guidelines for criminal prosecution.These guidelines are:-

1. A private complaint may not be entertained unless the complainant has produced prima facie evidence before the court in the form of a credible opinion given by another competent doctor to support the charge of rashness or negligence on the part of the accused doctor.

2. The investigating officer should, before proceeding against the doctor accused of rash or negligent act or omission, obtain an independent and competent medical opinion preferably from a doctor in government service qualified in that branch of medical practice who can normally be expected to give an impartial and unbiased opinion applying Bolam's test to the facts collected in the investigation.

3. A doctor accused of rashness or negligence, may not be arrested in a routine manner (simply because a charge has been leveled against him).

Unless his arrest is necessary for furthering the investigation or for collecting evidence or unless the investigation officer feels satisfied that the doctor proceeded against would not make himself available to face the prosecution unless arrested, the arrest may be withheld.

## INDIAN PENAL CODE AND LIABILITY OF MEDICAL PRACTITIONERS

Medical negligence as a crime raises several question 1) Whether a doctor can be arrested at the subjective discretion of the Police? 2) Whether it is justifiable to judge a doctor on

